"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കാലവർഷക്കെടുതികൾ - കണ്ണൂർ ജില്ല - ഇരിക്കൂർ ബ്ലോക്ക് - കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിലെ കാര്യാംപറമ്പ പൊറോളം ചട്ടുകപ്പാറ റോഡ് പുനരുദ്ധാരണ പ്രവൃത്തി - കരാറിൽ ഏർപ്പെട്ടതിലെ കാലതാമസം സാധൂകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ദുരന്ത നിവാരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.355/2025/DMD തീയതി,തിരുവനന്തപുരം, 27-05-2025

---

പരാമർശം:- 1. 01.08.2023 ലെ സ. ഉ. (സാധാ) നം. 495/223/ഡി.എം.ഡി.

2. കണ്ണൂർ ജില്ലാ കളക്ടറുടെ 18.02.2025 ലെ DCKNR/972/2024-DM3 നമ്പർ കത്ത്

**ഉത്തരവ്**

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച റോഡുകളുടെ പുനരുദ്ധാരണത്തിലുൾപ്പെടുത്തി പരാമർശിത ഉത്തരവ് പ്രകാരം കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിലെ കാര്യാംപറമ്പ പൊറോളം ചട്ടുകപ്പാറ റോഡ് പ്രവൃത്തിക്ക് 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) ഭരണാനുമതി ഉത്തരവായിട്ടുണ്ട്. എന്നാൽ പ്രവർത്തനാനുമതി ലഭ്യമായത് പ്രകാരം ടെണ്ടർ നടപടികൾ സ്വീകരിച്ചുവെങ്കിലും ടെണ്ടറുകളിൽ ആരും പങ്കെടുത്തിരുന്നില്ലെന്നും പിന്നീട് റീടെണ്ടർ ചെയ്തപ്പോഴാണ് പ്രവൃത്തി ഏറ്റെടുത്തതെന്നും റീടെണ്ടർ ചെയ്തപ്പോൾ ഉണ്ടായ കാലതാമസം കാരണം കരാറിൽ ഏർപ്പെടാൻ വൈകിയെന്നും ടി പ്രവൃത്തി അത്യാവശ്യമായതിനാലും ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിൽ വരുന്നതിനുമുന്നേ പ്രവൃത്തി പൂർത്തീകരിക്കുന്നതിനുമാണ് അടിയന്തിരമായി റീടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടതുകൊണ്ടാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിട്ടതെന്നും മേൽ സാഹചര്യത്തിൽ പ്രവൃത്തിക്ക് കരാറിൽ ഏർപ്പെട്ടതിലെ കാലതാമസം മാപ്പാക്കി അന്തിമ ബിൽ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് പരാമർശിത കത്ത് പ്രകാരം ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജില്ലാ കളക്ടറുടെ ശിപാർശയും നിർവ്വഹണ ഉദ്യോഗസ്ഥന്റെ വിശദീകരണവും പരിഗണിച്ച് പരാമർശിത ഉത്തരവ് പ്രകാരം 10,00,000/- രൂപ (പത്ത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയിരുന്ന കണ്ണൂർ ജില്ലയിലെ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലുൾപ്പെട്ട കുറ്റ്യാട്ടൂർ ഗ്രാമ പഞ്ചായത്തിലെ കാര്യാംപറമ്പ പൊറോളം ചട്ടുകപ്പാറ റോഡ് പുനരുദ്ധാരണ പ്രവ്ൃത്തിയുടെ കരാറിലേർപ്പെട്ടതിലെ കാലതാമസം സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

പൂജ ലാൽ കെ എ എസ്

അണ്ടർ സെക്രട്ടറി

ജില്ലാ കളക്ടർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോഴിക്കോട്
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
കമ്മീഷണർ, ഡിസാസ്റ്റർ മാനേജ്മെന്റ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം. DMB2/43/2025-DMD)

ഉത്തരവിൻ പ്രകാരം

Signed by
Kumari Rekha S R
Date: 02-06-2025 14:29:32

സെക്ഷൻ ഓഫീസർ

പകർപ്പ്: ദുരന്ത നിവാരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്